(ഡി) ഖാദി മേഖലയിൽ ഇടുക്കി ജില്ല ഒഴികെയുള്ള എല്ലാ ജില്ലകളിലും ഗ്രാമവ്യവസായ മേഖലയിൽ കോഴിക്കോട്, ആലപ്പുഴ എന്നീ ജില്ലകളിലുമാണ് വനിതകൾക്ക് തൊഴിൽ പരിശീലന പരിപാടി നടപ്പാക്കിയിട്ടുള്ളത്.

(ഇ) നൂതന രീതിയിലുള്ള തൊഴിൽ പരിശീലനം നൽകുവാനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുവാനും ഉദ്ദേശിക്കുന്നുണ്ട്.

"പാംലഹറിന്റെ വിതരണം"

9 (*568) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉടമസ്ഥതയിലുള്ള കെൽപ്പാമിന്റെ ഉൽപ്പന്നമായ പാംലഹറിന്റെ വിതരണം സംസ്ഥാന വ്യാപകമായും ദേശീയ ലവലിലും വ്യാപിപ്പിക്കുവാനും വിപുലീകരിക്കുവാനും അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) പരമ്പരാഗത വ്യവസായങ്ങളിൽ പ്രാമുഖ്യമുള്ള പന ഉൽപ്പന്നങ്ങളുടെ സമഗ്ര വികസനത്തിനായി കൂടുതൽ സാമ്പത്തിക സഹായം ആവശ്യമായിട്ടുള്ളതിനാൽ അവ നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) പനനാര് സംസ്ക്കരണം കൂടുതൽ വിപുലപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) കരുപ്പട്ടി വ്യവസായം 'കെൽപാം' വഴി നടപ്പാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) കെല്പാമിന്റെ കീഴിൽ പ്രവർത്തിക്കുന്ന രണ്ട് ശീതള പാനീയ യൂണിറ്റുകളിൽ ഉൽപ്പാദിപ്പിക്കുന്ന 'പാംലഹർ' ഇപ്പോൾ 6 ജില്ലകളിൽ മാത്രമാണ് വിപണനം നടത്തുന്നത്. കൂടുതൽ ഉൽപ്പാദന യൂണിറ്റുകൾ സ്ഥാപിച്ച് വിപണനം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ "കെൽപാം" സ്വീകരിച്ചു വരുന്നു.

(ബി) പരിശോധിക്കുന്നതാണ്.

(സി) പനനാര് സംസ്കരണം ഇപ്പോൾ "കെൽപാമിന്റെ കീഴിൽ പാലക്കാട് ജില്ലയിലെ ആലത്തൂരിലും തിരുവനന്തപുരം ജില്ലയിലെ കൊറ്റാമത്തുമാണ് ചെയ്തുവരുന്നത്. വിപണന സാദ്ധ്യതയനുസരിച്ച് പനനാര് സംസ്കരണം വിപുലപ്പെടുത്താൻ ആവശ്യമായ നടപടികൾ കെൽപാം സ്വീകരിച്ചുവരുന്നു.

(ഡി) നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly